**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 814** **11-02-2025 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ ഭവനരഹിതർക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ വെട്ടിക്കൽ ലക്ഷം വീട് നഗറിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആറ് കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ വെട്ടിക്കൽ ലക്ഷം വീട് നഗറിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 കുടുംബങ്ങളിൽ 5 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും 3 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരാൾക്ക് സ്വന്തമായി സ്ഥലവും വീടും ഉള്ളതിനാൽ ടിയാളെ ലൈഫ് മിഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.** |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളൊന്നും പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായിട്ടില്ല. |
| (സി) | എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ പാർപ്പാംകോട് ലക്ഷം വീട് നഗറിലെ ഭവന രഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പാർപ്പാംകോട് ലക്ഷം വീട് നഗറിൽ നിലവിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഭവനനിർമ്മാണത്തിന് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ധനസഹായം നൽകി വരുന്നുണ്ട്. |
| (ഡി) | പിറവം മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അടിയന്തരമായി വീട് നിർമ്മിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വീട് നിർമ്മാണത്തിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ അർഹത പരിശോധിച്ച് മുൻഗണനാക്രമത്തിൽ ഭവനനിർമ്മാണ ധനസഹായം തദ്ദേശ സ്ഥാപനങ്ങൾ വഴി അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ